"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് - നവകേരളം കർമ്മപദ്ധതി-II ൽ പ്രോഗ്രാം ഓഫീസറായ (ശാക്തീകരണ പരിപാടിയും, ഡോക്യുമെന്റേഷനും) ശ്രീ.വി.രാജേന്ദ്രൻ നായർ(സീനിയർ സൂപ്രണ്ട് കോട്ടയം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, തദ്ദേശ സ്വയംഭരണ വകുപ്പ്) ) -യുടെ അന്യത്രസേവന കാലാവധി 16.11.2024 മുതൽ ടിയാൻ വിരമിക്കുന്ന തിയതിയായ 31.05.2025 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്

സ.ഉ.(സാധാ) നം.13/2025/PIE&MD തീയതി,തിരുവനന്തപുരം, 17-01-2025

പരാമർശം:- 1. സ.ഉ(പി) നം.10/2021/പി.ഇ.&.എ. തീയതി 01.08.2021.

2. സ.ഉ(സാധാ) നം.02/2021/പി.ഐ.ഇ.&എം.ഡി തീയതി 03.12.2021.

3. സ.ഉ(സാധാ) നം.197/2022/പ.നി.വി.നി.വ തീയതി 08.11.2022

4. സ.ഉ(സാധാ) നം.28/2024/പി.ഐ.ഇ&എം.ഡി തീയതി 05.02.2024.

5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28.10.2024-ലെ LSGD/PD/37559/2024-DEA6 നമ്പർ കത്ത്.

6. നവകേരളം കർമ്മപദ്ധതി കോർഡിനേറ്ററുടെ 01.11.2024-ലെ എൻ.കെ.പി/എ2/1288/2022 നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (3) ഉത്തരവ് പ്രകാരം നവകേരളം കർമ്മപദ്ധതി-II യിൽ പ്രോഗ്രാം ഓഫീസർ (ശാക്തീകരണ പരിപാടിയും ഡോക്യുമെന്റേഷനും) തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന ശ്രീ.വി.രാജേന്ദ്രൻ നായരുടെ (സീനിയർ സൂപ്രണ്ട്, കോട്ടയം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, തദ്ദേശ സ്വയംഭരണ വകുപ്പ്) അന്യത്ര സേവന കാലാവധി 15.11.2024 ന് അവസാനിച്ച സാഹചര്യത്തിൽ ടിയാന്റെ അന്യത്രസേവന കാലാവധി 16.11.2024 മുതൽ ടിയാന്റെ വിരമിക്കൽ തീയതിയായ 31.05.2025 വരെ ദീർഘിപ്പിക്കണമെന്ന് പരാമർശം (6) പ്രകാരം നവകേരളം കർമ്മപദ്ധതി-II കോർഡിനേറ്റർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. ശ്രീ.വി.രാജേന്ദ്രൻ നായരുടെ സേവനം നവകേരളം കർമ്മപദ്ധതി-II നായി വിട്ടു നൽകുന്നതിന് എതിർപ്പില്ലെന്ന് പരാമർശം (5) കത്ത് പ്രകാരം പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, നവകേരളം കർമ്മപദ്ധതി-II കോർഡിനേറ്ററെ അറിയിച്ചിരുന്നു. കെ.എസ്.ആർ ഭാഗം 1 ചട്ടം 144 പ്രകാരമുള്ള ടിയാന്റെ അപേക്ഷയും ബയോഡാറ്റയും പരാമർശം (6) പ്രകാരം നവകേരളം കർമ്മപദ്ധതി-II കോർഡിനേറ്റർ ലഭ്യമാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നവകേരളം കർമ്മപദ്ധതി-II യിൽ പ്രോഗ്രാം ഓഫീസർ (ശാക്തീകരണ പരിപാടിയും ഡോക്യുമെന്റേഷനും) തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന ശ്രീ. വി.രാജേന്ദ്രൻ നായരുടെ (സീനിയർ സൂപ്രണ്ട്, കോട്ടയം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, തദ്ദേശ സ്വയംഭരണ വകുപ്പ്) അന്യത്ര സേവന കാലാവധി 16.11.2024 മുതൽ 31.05.2025 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജീന ജെ പി
ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ.രാജേന്ദ്രൻ നായർ, (സീനിയർ സൂപ്രണ്ട്, കോട്ടയം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, തദ്ദേശ സ്വയംഭരണ വകുപ്പ്) (നവകേരളം കർമ്മപദ്ധതി-II കോർഡിനേറ്റർ മുഖേന)
2. കോർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി-II, തിരുവനന്തപുരം
3. ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
5. വിവര പൊതുജന സമ്പർക്ക വകുപ്പ്
6. പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് ഡയറക്ടറുടെ പി.എയ്ക്ക്
7. കരുതൽ ഫയൽ /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Devika K C
സെക്ഷൻ ഓഫീസർ
Date: 17-01-2025 16:38:58